ജില്ല	പൂർത്തീകരിച്ച യൂണിറ്റുകൾ
തിരുവനന്തപുരം	1555
ആലപ്പുഴ	1070
കോട്ടയം	958
എറണാകുളം	874
ആകെ	4457

(സി) ഈ വർഷം 25 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിക്കുന്നതാണ്. ഇതിനുള്ള കേന്ദ്രസഹായം ലഭിക്കുന്നതാണ്.

(ഡി) ഗുണഭോക്താക്കളുടെ ആവശ്യമനുസരിച്ച് ലഭിക്കുന്ന പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾ സ്ഥലം ലഭ്യമാക്കുന്നതനുസരിച്ച് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ഇ) വർഷ പദ്ധതിയിലൂടെ ലഭ്യമാകുന്ന ജലത്തിന്റെ ഗുണനിലവാരം പ്രത്യേകമായിട്ട് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഇല്ല. ഗുണഭോക്താക്കൾക്ക് ഗുണനിലവാരം പരിശോധിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പരിശോധനാ ലാബുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മലബാർ ജലസേചന പാക്കേജ് (MIRPA)

98 (4988) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളുടെ സമഗ്ര വികസനത്തിനായുള്ള 'മലബാർ ജലസേചന പാക്കേജി' (MIRPA) നായി ഇതുവരെ എന്തൊക്കെ പണികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ പണികളാണ് ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതൊക്കെ വടക്കൻ ജില്ലകൾക്കാണ് ലഭിക്കുക ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി മൊത്തം അടങ്കൽ തുകയായി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) ഇതിന്റെ ഭാഗമായി 2009-10 കാലയളവിൽ എന്തൊക്കെ പണികൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ഐ & എ) യുടെ കീഴിൽ മലബാർ ജലസേചന പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏഴ് വടക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ 209 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 123 എണ്ണം ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടയണകൾ, ക്രോസ് ബാറുകൾ എന്നിവയ്ക്കു വേണ്ടിയുള്ള പുനരുദ്ധാരണ പദ്ധതിയിൽ ഇതുവരെ 209 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 148 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ഇതിൽ 115 എണ്ണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ കാവേരി സെല്ലിന്റെ കീഴിൽ കുറ്റ്യാടി പദ്ധതിക്ക് 2009-10 വർഷത്തെ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിരുന്നു. ഇതു പ്രകാരം കനാലുകളുടെ നവീകരണത്തിനായി 124 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

(ബി) മലബാർ പ്രദേശത്തിന്റെ ഉന്നമനത്തിനായി വടക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം, ചെക്ക് ഡാം, വി.സി.ബി., റെഗുലേറ്റർ മുതലായവയുടെ നിർമ്മാണവും പുനരുദ്ധാരണവുമാണ് എം.ഐ-യുടെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ചീഫ് എഞ്ചിനീയർ കാവേരി സെല്ലിന്റെ കീഴിൽ ആദ്യഘട്ടം കനാലുകളുടെ നവീകരണത്തിനാണ് മുൻതൂക്കം നൽകിയത്. രണ്ടാംഘട്ടം കനാലുകളുടെ കാലപ്പഴക്കംകൊണ്ട് കേടുപാടുകൾ സംഭവിച്ച കോൺക്രീറ്റ് സ്ട്രച്ചറുകളും, നീർപ്പാലങ്ങൾ, നടപ്പാതകൾ, ഓവുചാലുകൾ, കനാലിന് മുകൾഭാഗത്തുകൂടിയും താഴ്ഭാഗത്തു കൂടിയും മഴവെള്ളം ഒഴുകിപ്പോകുന്ന ചാലുകൾ തുടങ്ങിയവ അറ്റകുറ്റപണി ചെയ്യേണ്ടവ ചെയ്യാനും പുതുക്കി പണിയേണ്ടവ പുതുക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. കുറ്റ്യാടി പദ്ധതി കോഴിക്കോട് ജില്ലയിലെ കനാൽ ശൃംഖലകൾ ഉൾക്കൊള്ളുന്ന ഭാഗത്തുമാത്രം പ്രയോജനപ്പെടുന്നതാണ്.

(ഡി) ചീഫ് എഞ്ചിനീയർ (ഐ & എ)-യുടെ കീഴിലുള്ള പദ്ധതികൾക്കായി മൊത്തം 180.09 കോടി രൂപ അടങ്കൽ തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ കാവേരി സെല്ലിന്റെ കീഴിൽ പദ്ധതികൾക്കായി 100 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(ഇ) 2011 വർഷത്തിൽ പണികൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എഫ്) ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികളുടെയും പണികൾ 2009-10 കാലയളവിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഭാഗികമായി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പമ്പിന്റേയും മോട്ടോറിന്റേയും ടെണ്ടർ നടപടികൾ മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ വഴിയും, ഇലക്ട്രിക്കൽ പണികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇലക്ട്രിക്കൽ വഴിയും സിവിൽ വർക്കുകൾ പ്രത്യേകവും ഏർപ്പാടാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നവംബർ 2009-ൽ ഭരണാനുമതി നൽകിയ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് എസ്റ്റിമേറ്റ് എടുക്കൽ, സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടികൾ എന്നിവയ്ക്ക് സമയം പോരാതെ വന്നതും, ചില വി.സി.ബി. തടയണ എന്നിവയുടെ പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ അനുമതി ലഭിക്കേണ്ടതുകൊണ്ടാണ് ഈ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാനാവാത്തത്.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

99 (4989) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി മുടങ്ങിക്കിടന്നിരുന്ന എത്ര നഗര ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് ;

(ബി) ഈ വർഷം ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുടങ്ങിക്കിടന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികൾക്ക് 2009 -2010-ൽ ഭരണാനുമതി നൽകുകയും ഇതിൽ 10 പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുകയും ഉണ്ടായി.

ചേലക്കര പദ്ധതി പൂർത്തീകരിക്കുകയും പാലക്കാട് നഗരശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം ഭാഗികമായി പൂർത്തീകരിക്കുകയും ഉണ്ടായി.

(ബി) അവശേഷിക്കുന്ന 5 പദ്ധതികളായ തൃശൂർ ഇന്റഗ്രേറ്റഡ് ഓഗ്മെന്റേഷൻ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ശുദ്ധജല വിപുലീകരണ പദ്ധതി, പാലാ മുനിസിപ്പാലിറ്റി ശുദ്ധജല വിപുലീകരണ പദ്ധതി, തലശ്ശേരി ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി, ഒല്ലൂർ-ഇടക്കുന്നി എന്നിവയുടെ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly